KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg തിയ്യതി : 28.02.2024

## സർക്കുലർ 8/2024 (BD)

വിഷയം : വനിതകൾക്കായി പ്രത്യേക സ്വർണ്ണ വായ്പാ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന : 1. 17.02.2024 ലെ ഭരണസമിതി യോഗത്തിന്റെ 10188-ാം നമ്പർ തീരുമാനം.
2. സർക്കുലർ 11/2023 (BD) തിയ്യതി 07.03.2023

അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തോടനുബന്ധിച്ച് വനിതകൾക്ക് മാത്രമായി കെ.എസ്.എഫ്.ഇ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പതിവ് നിലവിലുള്ളതാണ്. കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിൽ കുടുംബങ്ങളിലെ സാമ്പത്തിക ക്രമീകരണങ്ങളിൽ വനിതകൾക്കുള്ള നിർണ്ണായകമായ സ്ഥാനം കണക്കിലെടുത്തും കെ.എസ്.എഫ്.ഇ.യുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായുമാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഈ വർഷത്തെ വനിതാ ദിനത്തോടനുബന്ധിച്ച് പ്രത്യേക സ്വർണ്ണ വായ്പാ പദ്ധതിയാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.

| | | |
|---|---|---|
| പദ്ധതിയുടെ പേര് | - | **പിങ്ക് ഗോൾഡ് ലോൺ** |
| കാലാവധി | - | 2024 മാർച്ച് 1 മുതൽ മാർച്ച് 15 വരെ |
| ലക്ഷ്യം | - | സ്വർണ്ണപ്പണയ വായ്പയെടുക്കുന്ന ഓരോ വനിതയ്ക്കും പരമാവധി 1000/- രൂപ വീതം പലിശയിൽ കുറവ് നൽകികൊണ്ട് സ്ത്രീശാക്തീകരണത്തിൽ കെ.എസ്.എഫ്.ഇ.യും പങ്കാളിയാവുക. |

### പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു നിബന്ധനകൾ

1. വനിതകൾ മാത്രമായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.
2. ഈ പദ്ധതി പ്രകാരം 1 ലക്ഷം രൂപ വരെ സ്വർണ്ണപ്പണയ വായ്പ എടുക്കുന്ന വനിതകൾക്ക് പലിശ നിരക്കിൽ 1ശതമാനം ഇളവും 1 ലക്ഷത്തിനു മുകളിൽ 2 ലക്ഷം രൂപ വരെ വായ്പയെടുക്കുന്നവർക്ക് പലിശ നിരക്കിൽ ½ ശതമാനം ഇളവും ലഭിക്കുന്നതാണ്.
3. പരമാവധി വനിതകൾക്ക് പ്രയോജനം ലഭിക്കുക എന്ന ഉദ്ദേശ്യത്തോടെ പിങ്ക് ഗോൾഡ് ലോൺ പദ്ധതിയിൽ അനുവദിക്കാവുന്ന സ്വർണ്ണപ്പണയ വായ്പ 2 ലക്ഷം രൂപയിൽ നിജപ്പെടുത്തിയിരിക്കുന്നു.
4. വായ്പാ തുക എത്രയാണെങ്കിലും ഈ പദ്ധതി കാലാവധിയിൽ ഒരാൾക്ക് ഒരു വായ്പ മാത്രമായിരിക്കും അനുവദിക്കുക. ഇതിനായി ആധാർ ഉപയോഗപ്പെടുത്താവുന്നതാണ്.
5. ഈ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ. ജീവനക്കാർ, അപ്രൈസർ, ഏജന്റുമാർ എന്നിവർക്ക് വായ്പ അനുവദിക്കേണ്ടതില്ല.
6. സ്വർണ്ണപ്പണയ വായ്പ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് വ്യവസ്ഥകൾ എല്ലാം തന്നെ ഈ പദ്ധതിയ്ക്കും ബാധകമായിരിക്കും.
7. മാക്സ് ഗോൾഡ് ലോൺ, ജനമിത്രം ഗോൾഡ് ലോൺ എന്നീ പദ്ധതികളിൽ പ്രസ്തുത ഇളവ് അനുവദിക്കേണ്ടതില്ല.

കേരളത്തിൽ ഭൂരിപക്ഷം വരുന്ന വനിതകളെ പരിഗണിച്ച കൊണ്ട് അവർക്ക് സഹായകരമാകുന്ന വിധത്തിൽ ആവിഷ്കരിച്ചിട്ടുള്ള പിങ്ക് ഗോൾഡ് ലോൺ പദ്ധതി സാമ്പത്തിക രംഗത്ത് സ്ത്രീകൾ നേടി കൊണ്ടിരിക്കുന്ന വളർച്ചയെ ത്വരിതപ്പെടുത്തുവാൻ സഹായിക്കുന്നതാണ്. അതോടൊപ്പം കെ.എസ്.എഫ്.ഇ. യിലെ വനിതാ ഇടപാടുകാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ശാഖകൾ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

*To: എല്ലാ ശാഖാ തലവൻമാർക്കും*

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ